ഭക്ഷ്യവും വനവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്):

(എ) 1955-56 17,34,805 രൂപ
1956-57 29,33,577.36 രൂപ
1957-58 31,71,533.02 രൂപ

(ബി) 1958-59-ൽ 48,11,313 രൂപ

ശ്രീ. പി. ആർ. ഫ്രാൻസിസ്: കഴിഞ്ഞ കൊല്ലം കൂടുതൽ ലൈസൻസ് ലേലം വിളിച്ചു കൊടുക്കാതിരിക്കാൻ പ്രത്യേക കാരണം വല്ലതുമുണ്ടോ?

ശ്രീ. കെ. സി. ജോർജ്ജ്: പ്രത്യേക കാരണങ്ങളൊന്നുമില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ്: കുപ്പുലേലം ടെൻഡർ വിളിക്കാതെ കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. സി. ജോർജ്ജ്: ടെൻഡർ വിളിക്കാതെ കൊടുത്തിട്ടില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ്: ഇങ്ങനെ ടെൻഡർ വിളിക്കാതെ കൊടുക്കുന്നതുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് നല്ലയൊരു സംഖ്യ ലഭിച്ചു എന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. കെ. സി. ജോർജ്ജ്: അതു വളരെ തെറ്റായ പ്രചാരവേലയാണെന്ന് ഞാൻ വിചാരിക്കുന്നു.

## ബ്ലാക്ക് ഡവലപ്പ്മെൻറ് ആഫീസറന്മാർ.

* 1663. [6] † ശ്രീ. എം. ഗോപാലൻകുട്ടി നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി തരുമോ:

(എ) ഈ സ്റ്റേറ്റിൽ എത്ര ബ്ലാക്ക് ഡവലപ്പ്മെൻറ്ഓഫീസറന്മാർ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്;

(ബി) ഇവരിൽ നേരിട്ട് തിരഞ്ഞെടുക്കപ്പെട്ടവർ എത്ര; സർവ്വീസിൽ നിന്നും പ്രമോട്ടുചെയ്തു വന്നിട്ടുള്ളവർ എത്ര;

(സി) ഈ സ്റ്റേറ്റിലെ വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ സർവ്വപ്രധാനമായ പങ്കു വഹിക്കുന്ന ബ്ലാക്ക് ഡവലപ്പ്മെൻറ്ഓഫീസറന്മാരുടെ തിരഞ്ഞെടുപ്പിൽ ഗവണ്മെൻറ് കൈക്കൊണ്ടിട്ടുള്ള മാനദണ്ഡം എന്താണെന്നു വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്):

(എ) 77. ഇവരിൽ 13 പേർ ബ്ലാക്ക് ഡവലപ്പ്മെൻറ്ഓഫീസറന്മാരുടെ ചാർജ്ജ് വഹിക്കുന്ന തഹശീൽദാരന്മാരാണ്.

(ബി) നേരിട്ട തിരഞ്ഞെടുക്കപ്പെട്ടവർ ആരുമില്ല. എല്ലാവരും സർവ്വീസിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവരാണ്.

(സി) അടുത്ത കാലം വരെ ബ്ലാക്ക് ഡവലപ്പ്മെൻറ്ഓഫീസറന്മാരെ സർവ്വീസിൽ ഉള്ളവരിൽനിന്നു യോഗ്യതയനുസരിച്ചു പി. എസ്. സി. തിരഞ്ഞെടുത്തു വരികയായിരുന്നു പതിവു്. പ്രസ്തുത നടപടി താൽക്കാലികമായി നിറുത്തിവച്ചിരിക്കുകയാണു്. ഭരണപരിഷ്ക്കാരക്കമ്മറ്റിയുടെ നിർദ്ദേശമനുസരണമായി ബ്ലാക്ക്ഓഫീസറന്മാരെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ പുതുതായ ഒരു മാനദണ്ഡം സ്വീകരിക്കുന്നതിനെപ്പറ്റി ഗവണ്മെൻറ് ആലോ

† As the member was absent the question was put by Shri C. Kunhikrishnan Nair with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

ചിച്ചുവരികയാണ്. ഇതിലൊരു തീരുമാനം ഉണ്ടാകുന്നതുവരെ താൽക്കാലിക അടിസ്ഥാനത്തിൽ പരിശീലനം സിദ്ധിച്ച തഹശീൽദാരന്മാരെ ബ്ലാക്കുഡവലപ്പുമെൻറ്റ്ഓഫീസറന്മാരായി ഇപ്പോൾ നിയമിച്ചുവരികയാണ്.

ശ്രീ. ഇ. പി. ഗോപാലൻ: ബ്ലാക്കു ഡവലപ്പുമെൻറ്റ്ഓഫീസറന്മാരായി നാൽ ഓഫീഷ്യൽസിനെ മാത്രമേ നിയമിക്കുന്നതായിട്ട് അറിയാമോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: അതു് അറിഞ്ഞുകൂടാ.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ബ്ലാക്കു ഡവലപ്പുമെൻറ്റ്ഓഫീസറന്മാരായി തിരഞ്ഞെടുക്കുന്ന തഹശീൽദാരന്മാർക്ക് വല്ല ഇൻക്രിമെൻറ്റും കൊടുക്കുന്നുണ്ടോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ഇപ്പോൾ കൊടുത്തുവരുന്നില്ല.

ശ്രീ പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: തഹശീൽദാരന്മാർക്ക് ഇൻക്രിമെൻറ്റ് കൊടുക്കാതിരുന്നാൽ അവർ ബ്ലാക്കു ഡവലപ്പുമെൻറ്റ്ഓഫീസറുടെ ജോലി ശരിയായി നിവ്വഹിക്കാൻ സാധിക്കാതെ വരുന്നതുകൊണ്ട് അവർക്ക് ഇൻക്രിമെൻറ്റ് കൊടുക്കുന്നതിനുള്ള ഏർപ്പാട് ചെയ്യുമോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: തഹശീൽദാരന്മാരെ നോക്കി ഈ ജോലിക്കുടി നടത്താൻ കഴിയുമെന്നു് ബോദ്ധ്യമുള്ളിടത്തോളമാണ് തിരഞ്ഞെടുക്കുന്നതു്.

ശ്രീ. എം. എ. ആൻറണി: ബ്ലോക്കാഫീസറന്മാർ ഇല്ലാത്ത ബ്ലോക്കുകളുണ്ടോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ചില സ്ഥലങ്ങളിൽ ബ്ലോക്കാഫീസറന്മാരുടെ വക്കു മാത്രം ചെയ്യുന്നവരായിട്ടില്ല. അടുത്തുള്ള ഏതെങ്കിലും തഹശീൽദാരന്മാർക്ക് ചാർജ്ജു് ഉണ്ടായിരിക്കും.

ശ്രീ. എം. നാരായണക്കുറുപ്പ്: മുമ്പുണ്ടായിരുന്ന സമ്പ്രദായം മാറി ഈ പുതിയ സമ്പ്രദായം സ്വീകരിക്കാൻ എന്താണ് കാരണം?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: പുതിയ സമ്പ്രദായം സ്വീകരിക്കുകയല്ല. ഭരണ പരിഷ്ക്കാരക്കമ്മിറ്റിയുടെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ എന്തെല്ലാം മാറ്റം വരുത്തണമെന്ന തീരുമാനത്തിനു് എത്തിക്കഴിയുന്നതുവരെയുള്ള ഏർപ്പാടാണ്.

ശ്രീമതി കുസുമം ജോസഫ്: മൂവാറ്റുപുഴ താലൂക്കിൽപ്പെട്ട ബ്ലോക്കുകളിൽ അത്യാവശ്യമായ കുടിക്കാലത്തേയ്ക്കുണ്ടായിരുന്നില്ലാ എന്നറിയാമോ?

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: ആ പ്രത്യേക ബ്ലോക്കിനെപ്പറ്റി എനിക്കു പറയാൻ സാധിക്കുകയില്ല. ചില സ്ഥലങ്ങളിലെല്ലാം ബ്ലോക്കു ഡവലപ്പുമെൻറ്റാഫീസറന്മാരെ ഒടയിനിംഗിനയയ്ക്കുകയോ, മറ്റോ ചെയ്യുമ്പോൾ ബ്ലോക്കിൻറെ പ്രവർത്തനം നടത്തുന്നതിനു് തഹശീൽദാരെ ചാർജ്ജേല്പിച്ചിരിക്കും.

മന്ത്രിമാരുടെയും, നിയമസഭാമെമ്പറന്മാരുടേയും വിദേശപര്യടനം.

* 1664. [7] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയുടെ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരും നിയമസഭാമെമ്പറന്മാരും ഉൾപ്പെടെ എത്രപേർ വിദേശപര്യടനം നടത്തിയിട്ടുണ്ട്;

(ബി) അവർ ആരെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly